**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2652** **12-10-2021 - ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ രജിസ്ട്രേഷൻ ഫീ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമി രജിസ്ട്രേഷൻ നടത്തുന്നതിന് ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും രജിസ്ട്രേഷൻ ഇനത്തിലും സ്റ്റാംമ്പ് ഡ്യൂട്ടി ഇനത്തിലും ന്യായവിലയുടെ എത്ര ശതമാനം വീതമാണ് അടയ്ക്കേണ്ടതെന്ന് വിശദമാക്കാമോ; | (എ) | ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും, ഭൂമി വിലയാധാരപ്രകാരം കൈമാറ്റം ചെയ്യുന്നതിന്, ഭൂമിയുടെ ന്യായവില അല്ലെങ്കിൽ ആധാരത്തിൽ പറഞ്ഞിട്ടുള്ള പ്രതിഫലം ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ 8 രൂപ നിരക്കിൽ സ്റ്റാമ്പ് ഡ്യൂട്ടിയും, ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ 2 രൂപ നിരക്കിൽ രജിസ്ട്രേഷൻ ഫീസും ആവശ്യമാണ്. |
| (ബി) | രജിസ്ട്രേഷൻ ഫീ ഇനത്തിലും സ്റ്റാംമ്പ് ഡ്യൂട്ടി ഇനത്തിലും ഏതൊക്കെ രജിസ്ട്രേഷനുകൾക്കാണ് ഇളവുകളുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 1959 -ലെ കേരള മുദ്രപ്പത്ര ആക്ടിലെ വകുപ്പ് 9 -ന്റെ ഉപവകുപ്പ് (1) ന്റെ ഖണ്ഡം (എ) പ്രകാരവും 1908 -ലെ രജിസ്ട്രേഷൻ ആക്ടിലെ വകുപ്പ് 78 -ന്റെ ഉപവകുപ്പ് (2) പ്രകാരവും പൊതു താൽപര്യാർത്ഥം സർക്കാർ ഇളവ് നൽകുന്ന ആധാരങ്ങൾക്കാണ് യഥാക്രമം സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും രജിസ്ട്രേഷൻ ഫീസ് ഇനത്തിലും ഇളവുള്ളത്. |
| (സി) | ചാരിറ്റി സ്ഥാപനങ്ങൾ വാങ്ങുന്ന ഭൂമി രജിസ്ട്രേഷനിൽ പ്രത്യേക ഇളവ് നൽകാൻ വ്യവസ്ഥയുണ്ടോ? | (സി) | ചാരിറ്റി സ്ഥാപനങ്ങൾ വാങ്ങുന്ന ഭൂമി രജിസ്ട്രേഷനിൽ 1959 -ലെ കേരള മുദ്രപ്പത്ര ആക്ടിലോ 1908 -ലെ രജിസ്ട്രേഷൻ ആക്ടിലോ പ്രത്യേക ഇളവ് വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ 1959 -ലെ കേരള മുദ്രപ്പത്ര ആക്ടിലെ വകുപ്പ് 9 -ന്റെ ഉപവകുപ്പ് (1) ന്റെ ഖണ്ഡം (എ) പ്രകാരവും 1908 -ലെ രജിസ്ട്രേഷൻ ആക്ടിലെ വകുപ്പ് 78 -ന്റെ ഉപവകുപ്പ് (2) പ്രകാരവും പൊതു താൽപര്യാർത്ഥം, സർക്കാരിന് പ്രസ്തുത ഇടപാടുകളുടെ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഇളവ് ചെയ്യാൻ അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ